പ്രശ്നമായാണ് നമ്മൾ കാണേണ്ടത്. കശുവണ്ടി പരമാവധി ഉത്പാദിപ്പിച്ച് കയറ്റുമതി ചെയ്യുക എന്നതിന് വേണ്ടി ഏത് വിഷവും പ്രയോഗിക്കാം എന്ന ചിന്ത ഇതിന്റെ ഭാഗമായി വരുന്നതാണ്. പ്രകൃതിക്കും മനുഷ്യനും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പരിഗണനയിൽ വന്നതേയില്ല. 12,000 ഏക്കർ ഭൂമിയാണ് കശുവണ്ടി പ്ലാന്റേഷന് വേണ്ടി മാറ്റപ്പെട്ടത്. അറുപതുകളിലാണ് ഇത് തുടങ്ങുന്നതെന്ന് ഓർക്കണം. അന്ന് കേരളത്തിലെ വലിയ പ്രശ്നം പട്ടിണിയായിരുന്നു. ഭക്ഷണമായിരുന്നു സമൂഹത്തിന്റെ മുഖ്യ ആവശ്യം. അത് പരിഗണിക്കാതെയാണ് മൂലധമുണ്ടാക്കുക എന്ന ലക്ഷ്യത്തിൽ ഏകവിളത്തോട്ടങ്ങൾ ആരംഭിക്കുന്നത്. ആദിവാസികളും കർഷകരും ഉപയോഗിച്ചിരുന്ന പൊതുഭൂമിയെല്ലാം അതിനുവേണ്ടി മാറ്റപ്പെട്ടു. വിദേശ വിപണിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള കശുവണ്ടി പോലെയുള്ള വിളകൾ വ്യാപിപ്പിച്ചു. ഭക്ഷ്യവിളകൾക്ക് പ്രാമുഖ്യം നൽകി പട്ടിണി അകറ്റുക എന്നതിന് പരിഗണന ലഭിച്ചതേയില്ല. ആഗോള വിപണിയെ ലക്ഷ്യം വച്ചുള്ള ഈ വികസന മാതൃകയുടെ അനന്തരഫലമായിരുന്നു എൻഡോസൾഫാൻ ദുരന്തം. ആരോഗ്യപ്രശ്നങ്ങളുണ്ടായപ്പോഴാണ് നമ്മൾ അതിനെക്കുറിച്ച് വിമർശനാത്മകമായി ചിന്തിച്ചുതുടങ്ങിയത്. അതുണ്ടാക്കിയ പാരിസ്ഥിതികവും സാമൂഹികവും സാംസ്കാരികവുമായ നഷ്ടങ്ങൾ അതിലും വലുതാണ്. കേവലം സാമ്പത്തിക വളർച്ചയെ മാത്രം ലക്ഷ്യം വയ്ക്കുന്ന വികസന മാതൃകയ്ക്ക് തിരിച്ചടികളുണ്ടാകും എന്നതിന് തെളിവാണ് കാസർഗോഡിന്റെ ഈ അനുഭവം.

**3.** ഇന്ത്യൻ സാഹചര്യത്തിൽ പരിശോധിക്കുകയാണെങ്കിൽ ഭരണഘടന മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുന്നുണ്ട് എന്ന് പറയുന്നെങ്കിലും അത് എങ്ങും എത്തിയിട്ടില്ല. സാമൂഹികമായും സാമ്പത്തികമായും ഉന്നതശ്രേണിയിൽ നിൽക്കുന്നവരുടെ താത്പര്യങ്ങൾ മാത്രമാണ് ഇവിടെ പരിരക്ഷിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ വികസന പദ്ധതികളും അവരോട് മാത്രമാണ് അനുഭാവപൂർണ്ണം പെരുമാറുന്നത്. സോഷ്യലിസത്തെക്കുറിച്ച് സംസാരിക്കുന്ന രാഷ്ട്രീയ പാർട്ടികളുള്ള, ഇടതുപക്ഷാഭിമുഖ്യമുള്ള ഒരു സമൂഹമായിരുന്നിട്ടും വികസനത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ നയങ്ങളും വരേണ്യരെ മാത്രമാണ് സംരക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു ബദൽ വികസന മാതൃക അവിഷ്കരിക്കുന്നതിൽ നിലവിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും രാഷ്ട്രീയ പ്രയോഗങ്ങളും അപര്യാപ്തമാണ്. എന്താണ് യഥാർത്ഥ വികസനം എന്ന് ചിന്തിക്കാൻ കഴിയുന്ന പുതിയ രാഷ്ട്രീയം ഉയർന്നുവരണം. അത്തരത്തിലുള്ള അന്വേഷണങ്ങളും ഇടപെടലുകളും സമരങ്ങളിലൂടെ ആരംഭിച്ചിട്ടുണ്ട്.

**4.** കേരളം ഒരു വികസന മാതൃകയാണെന്ന് പറയുന്നതിന് മുന്നോട്ടുവച്ച കാര്യങ്ങളൊന്നും യാഥാർത്ഥ്യമായിരുന്നില്ല എന്നാണ് ഇന്ന് നോക്കുമ്പോൾ മനസ്സിലാകുന്നത്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യമേഖലയുടെയും എല്ലാം അവസ്ഥ പരിശോധിക്കുമ്പോൾ വിദ്യാഭ്യാസ സൗകര്യങ്ങളും ആശുപത്രികളും കൂടി എന്നല്ലാതെ സമൂഹത്തിന്റെ അറിവും ആരോഗ്യവുമൊന്നും മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. സാമ്പത്തികമായും സാമൂഹികമായും കേരളം ഒരു ആശ്രിതത്വ സമൂഹമായി മാറി. സ്വാശ്രിതത്വ ബോധം കുറഞ്ഞു. ഉത്പാദനമേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള പദ്ധതികളൊന്നും നടപ്പിലാക്കപ്പെടുന്നില്ല. ഗൾഫ് പണം വന്നില്ലെങ്കിൽ കേരളം തകരും എന്നതാണ് സ്ഥിതി.

**5.** വരേണ്യ വികസനത്തെ അടിച്ചേൽപ്പിച്ചുകൊണ്ട് ഭരണകൂടത്തിനും ഭരണവ്യവസ്ഥയ്ക്കും എല്ലാക്കാലത്തും ഇങ്ങനെ മുന്നോട്ടുപോകാൻ കഴിയില്ല. കേരളം എത്തിനിൽക്കുന്ന പ്രതിസന്ധികൾ നന്നായി തിരിച്ചറിയുന്ന ഒരു വലിയ വിഭാഗം ഇവിടെ ഉയർന്നുവരുന്നുണ്ട്. പ്രതിരോധ സമരങ്ങൾ മുന്നോട്ടുവയ്ക്കുന്ന കാഴ്ച്ചപ്പാടുകളെ സ്വാംശീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു സമൂഹം ഇപ്പോൾ കേരളത്തിലുണ്ട്. അതിനെ ക്രോഡീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകണം. ഏകശിലാത്മകമായി അതിനെ ചിട്ടപ്പെടുത്തി ഒരു രാഷ്ട്രീയ പാർട്ടി ഉണ്ടാക്കേണ്ടതില്ല. രാഷ്ട്രീയം കൈകാര്യം ചെയ്യുന്നതിൽ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥാപിത രീതി അവലംബിക്കേണ്ടതില്ല. അതല്ലാത്ത മാതൃകകൾ ഉണ്ടായിവരണം.

**(എൻഡോസൾഫാൻ വിരുദ്ധ സമരപ്രവർത്തകൻ)**

# വികസനം ദരിദ്രരെ സൃഷ്ടിക്കുന്ന പ്രക്രിയ

വിജി, പെൺകൂട്ട്

**സ്ത്രീ**കൾ നിരന്തര പീഡനങ്ങൾക്കും ബലാത്സംഘങ്ങൾക്കും കൊലപാതകങ്ങൾക്കും ഇരയാവുന്ന സാഹചര്യത്തിൽ എന്തു വികസനമാണ് ഉണ്ടാകുന്നത് ? 'വികസനം' എന്ന വാക്ക് തന്നെ സ്ത്രീവിരുദ്ധമാണെന്നാണ് എന്റെ അനുഭവം. ദേശീയപാതകളും വിമാനത്താവളങ്ങളും ഷോപ്പിംഗ് മാളുകളും വർദ്ധിക്കുന്നതല്ല വികസനം. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളവർക്ക് വികസിക്കാൻ കഴിയുന്നുണ്ടോ എന്നാണ് വിലയിരുത്തേണ്ടത്. തൊഴിലാളികൾ അനുഭവിക്കുന്ന വിവേചനങ്ങളെക്കുറിച്ചോ അവഗണനകളെക്കുറിച്ചോ ഒരു 'വികസന'വും ചർച്ച ചെയ്യുന്നില്ല. അധ്വാനത്തിനനുസരിച്ചുള്ള കൂലി പോലും ലഭിക്കാതെ മുതലാളിത്തം തൊഴിലാളികളെ ചൂഷണം ചെയ്യുകയാണ്. ദരിദ്രരെ സൃഷ്ടിക്കുക എന്ന പ്രക്രിയ മാത്രമാണ് വികസനം. മനുഷ്യന് മനസ്സമാധാനത്തോടെ ഉറങ്ങാനും ഭക്ഷണം കഴിക്കാനും നല്ല വസ്ത്രം ധരിക്കാനുമുള്ള സാഹചര്യം ഉണ്ടാവുക എന്നതാണ് എന്റെ വികസന സങ്കൽപ്പം. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വർദ്ധിക്കുന്ന യന്ത്രസംവിധാനങ്ങൾ ഞങ്ങളെപ്പോലുള്ള തൊഴിലാളികളെയാണ് ദാരിദ്ര്യത്തിലാഴ്ത്തുന്നത്. അധ്വാനിക്കാനുള്ള മനുഷ്യശേഷിയെ മന്ദീഭവിപ്പിക്കുന്നതിൽ സാങ്കേതിക വിദ്യകളുടെ പങ്ക് നിർണ്ണായകമാണ്. സമരങ്ങളിലേർപ്പെടാൻ ജനങ്ങളെ നിർബന്ധിക്കുന്ന തരത്തിലാണ് ഭരണകൂട-മുതലാളിത്ത ചങ്ങാത്തം. അപ്രഖ്യാപിത ഹർത്താലുകൾ പോലെ അപ്രഖ്യാപിത സമരങ്ങൾ കേരളത്തിന്റെ നാനാതുറകളിലും തുടങ്ങാനിരിക്കുന്നതേയുള്ളൂ.

**(അസംഘടിത മേഖലാ തൊഴിലാളി യൂണിയൻ)**